പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1442. | 03.12.2018-ന് മറുപടിയ്ക്ക് |
|---|---|

**ക്ലളിമാട് കടവിൽ പാലം നിർമ്മിക്കുന്നതിന് സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം<br><br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട്, മലപ്പുറം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ക്ലളിമാട് കടവിൽ പാലം നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലയിൽ ഉൾപ്പെട്ട ഭാഗത്തെ സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) യും (ബി) യും | മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്കിലെ വാഴക്കാട് വില്ലേജിലെ 291/26, 291/27, 292/19, 292/20, 292/22, സർവെ നമ്പറുകളിൽപ്പെട്ട 21.06 ആർസ് ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖാന്തിരം ഏറ്റെടുക്കുന്നതിനായി 25-04-2018-ലെ സ.ഉ.(സാധ) നം 1499/2018/റവ പ്രകാരം ഉത്തരവായിരുന്നു.<br>ഡയറക്ട് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്ന അവസരത്തിൽ സർവേസ് & ബൗണ്ടറീസ് ആക്ട്, 1961 പ്രകാരം 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂവുടമകളെ വിളിച്ചുകൂട്ടി ജില്ലാകളക്ടർ ഡി.എൽ.എഫ്.സി കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപോസൽ SLEC യോഗത്തിൽ സമർപ്പിച്ച് SLEC-യുടെ അംഗീകാരത്തിനുവിധേയമായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുമായി മുന്നോട്ടുപോകാവുന്നതാണ്.<br>നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ഏറ്റെടുക്കുന്ന അവസരത്തിൽ സാമൂഹ്യാഘാത പഠനം നടത്തുന്നതിന് SIA ഏജൻസിയെ നിയോഗിച്ച് 4(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നു. സാമൂഹ്യാഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11(1) നോട്ടിഫിക്കേഷനും ഡിക്ലറേഷനും പുറപ്പെടുവിച്ച് സെക്ഷൻ 108 പ്രകാരം ഭൂവുടമകളെ വിളിച്ചുകൂട്ടി ഡി.എൽ.എഫ്.സി കൂടി സ്ഥലവില അംഗീകരിക്കുന്നതിനുള്ള പ്രൊപോസൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ അവതരിപ്പിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നു.<br>എന്നാൽ ടി ഭൂമി ഏറ്റെടുക്കുന്നതിന്റെ |
| (ബി) | ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | പ്രാധാന്യം കണക്കിലെടുത്ത് 15-10-2018-ലെ ബി 2/306/2018-റവ കത്ത് പ്രകാരം ഡയറക്ട് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി.<br><br>ഈ വിഷയത്തിൽ ഭൂവില നിശ്ചയിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ജില്ലാ കളക്ടർ മലപ്പുറം ലാന്റ് അക്വിസിഷൻ ഓഫീസർ എൽ.എ (ജനറൽ)ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് ലഭ്യമാവുന്ന മുറക്ക് ഡി.എൽ.എഫ്.സി യോഗം ചേർന്ന് വില നിശ്ചയിച്ച് ശുപാർശ സമർപ്പിക്കുന്ന മുറക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി SLEC-യുടെ അംഗീകാരത്തിനുവിധേയമായി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |
| (സി) | നടപടിക്രമങ്ങളിൽ അനാവശ്യമായ കാലതാമസം വരുന്നുവെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | സ്ഥലമെടുപ്പ് നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് ലഭ്യമാവുന്ന മുറക്ക് ഡി.എൽ.എഫ്.സി യോഗം ചേർന്ന് വില നിശ്ചയിച്ച് ശുപാർശ സമർപ്പിക്കുന്ന മുറക്ക് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി SLEC-യുടെ അംഗീകാരത്തിനുവിധേയമായി സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |

സെക്ഷൻ ഓഫീസർ